REGIONAL AGRICULTURAL RESEARCH STATION
AMBALAVAYAL, WAYANAD - 673 593
KERALA AGRICULTURAL UNIVERSITY
Phone: 04936 260561 Mobile: 9188224421, E-mail: rarsamb@kau.in / adramb@kau.in

നമ്പർ.ഇ/5095/2024 തീയതി: 16.12.2024

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ജനുവരി 1 മുതൽ 15 വരെ നടത്തുന്ന **'പൂപ്പൊലി 2025'** ന്റെ ഭാഗമായി പൂപ്പൊലിഗാർഡൻ, പക്ഷിക്കൂടുകൾ, റസ്റ്റ് ഹൗസ്, ഓഫീസ് ബിൽഡിങ്ങുകൾ മുതലായവ പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിന് പ്രസ്തുത ജോലിയിൽ വിദഗ്ദരായ തൊഴിലാളികൾ/ സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പൂപ്പൊലി 2025 - പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിനുള്ള ക്വട്ടേഷൻ

നിബന്ധനകൾ

1. പെയിന്റിംങ് ജോലിയിൽ വേണ്ടത്ര മുൻ പരിചയമുള്ളവരും, ഉയരത്തിൽ കയറി പെയിന്റ് ചെയ്യുന്നതിൽ പരിചയമുള്ളവരുമായിരിക്കണം
2. പെയിന്റുകൾ കൃത്യമായ അളവിൽ കൂട്ടിക്കലർത്തി ഉപയോഗിക്കുന്നതിൽ വൈദഗ്ദ്യം നേടിയവരായിരിക്കണം.
3. അശ്രദ്ധമായി ജോലി ചെയ്ത് ഉണ്ടാകുന്ന അപകടങ്ങൾക്ക് സ്ഥാപനം ഉത്തരവാദി ആയിരിക്കുന്നതല്ല.
4. സ്ക്വയർ ഫീറ്റ് നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
5. ഇരുമ്പുകൂടുകൾക്ക് പ്രത്യേകം നിരക്ക് കാണിക്കണം.
6. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. GST നമ്പർ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
8. ക്വട്ടേഷൻ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്.
9. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സമയബന്ധിതമായി ജോലി ചെയ്ത് തീർക്കേണ്ടതാണ്.

### ക്വട്ടേഷൻ സംബന്ധിച്ച മറ്റുവിവരങ്ങൾ

| | |
|---|---|
| ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് | : **പൂപ്പൊലി 2025 - പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിനുള്ള ക്വട്ടേഷൻ** |
| ലഭിക്കേണ്ട അവസാന തീയതി,സമയം | : **20.12.2024, 2.00 p.m.** |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | : **20.12.2024, 2.30 p.m.** |
| ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം | : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പവവയൽ,വയനാട്. |
| നിരതദ്രവ്യം | : 2000/- രൂപ (DD ആയോ പണമായോ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്) |
| ക്വട്ടേഷൻ കാലാവധി | : 1 വർഷം (അംഗീകരിച്ച തീയതി മുതൽ) |

19 5 1
KAU Website

<u>നിബന്ധനകൾ</u>

1. ക്വട്ടേഷനുകൾ സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡ്ഡിൽ സമർപ്പിക്കാവുന്നതാണ്.
2. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
3. ക്വട്ടേഷനോടൊപ്പം, നിരത്രവ്യം **'അസോസിയേറ്റ് ഡയറക്ടർ , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് പ്രകാരമോ ഓഫീസിൽ നേരിട്ടോ അടച്ച് ക്വട്ടേഷനിൽ പങ്കുകൊള്ളേണ്ടതാണ്. നിർദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും, അപൂർണവുമായ ക്വട്ടേഷനുകളും, സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം **12.00** മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
5. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
6. ഇപ്രകാരം ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ **2000/-** രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ ഡിമാന്റ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.
7. വിജയിയായ ക്വട്ടേഷൻകാരൻ ഈ ഓഫീസിൽ നിന്നുമുള്ള വർക്ക് ഓർഡർ അനുസരിച്ച് സമയബന്ധിതമായി ജോലികൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.
8. ക്വട്ടേഷനിൽ വിജയിക്കുന്ന കരാറുകാരൻ കൂടുതൽ തൊഴിലാളികളെ ഏർപ്പെടുത്തി നൽകുവാൻ ബാദ്ധ്യസ്ഥനാണ്.
9. ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേത് മാത്രമായിരിക്കും. ജോലിയ്ക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. ഈ സ്ഥാപനത്തിന് യാതൊരുവിധ ബാധ്യതയും മേൽപ്പറഞ്ഞ വിഷയത്തിൽ ഉണ്ടായിരിക്കുന്നതല്ല.
10. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
11. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
12. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
13. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
14. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്
**(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)**

REGIONAL AGRICULTURAL RESEARCH STATION AMBALAVAYAL, WAYANAD KERALA AGRICULTURAL UNIVERSITY

രാഗേഷ് പി.ആർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**Administrative Officer**
**Regional Agricultural Research Station**
**Ambalavayal**
**Wayanad Dist. - 673 593**

പകർപ്പ്:കെ.എ.യു വെബ് സൈറ്റ്

നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ